പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **4126** **21.07. 2015-** ലെ മറുപടി

**തൊഴിൽ നഷ്ടപ്പെട്ട പ്രവാസിമലയാളികളുടെ ക്ഷേമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) വിദേശ രാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയ മലയാളികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | എ) വിദേശ രാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയ മലയാളികളുടെ കൃത്യമായ വിവരം ലഭ്യമല്ല. എന്നാൽ സൗദി അറേബ്യയിലെ നിതാഖത്ത് നിയമം മൂലം കേരളത്തിൽ തിരികെയെത്തിയവർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ജില്ല | രജിസ്റ്റർ ചെയ്തവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2330 |
| കൊല്ലം | 2182 |
| പത്തനംതിട്ട | 351 |
| ആലപ്പുഴ | 685 |
| കോട്ടയം | 219 |
| ഇടുക്കി | 77 |
| എറണാകുളം | 422 |
| തൃശൂർ | 620 |
| പാലക്കാട് | 1532 |
| കോഴിക്കോട് | 2719 |
| വയനാട് | 554 |
| മലപ്പുറം | 9274 |
| കണ്ണൂർ | 1423 |
| കാസർഗോഡ് | 246 |
| ആകെ | **22634** |

| | |
|---|---|
| ബി)തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;<br><br>സി)ഇവർക്ക് സ്ഥിര വരുമാനം ലഭ്യമാക്കുന്നതിനും,തൊഴിൽ നൽകുന്നതിനുമായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | ബി & സി) മടങ്ങി വരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്കു നാട്ടിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. നോർക്ക റൂട്ട്സും കനറാ ബാങ്ക്/യൂണിയൻ ബാങ്കുമായി ഒപ്പു വച്ചിട്ടുള്ള ധാരണാപത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് ബാങ്കുകൾ ഈ പദ്ധതിയുമായി സഹകരിക്കുന്നത്. അപ്രകാരം നിശ്ചയിച്ചിരിക്കുന്ന പലിശനിരക്കിൽ നിന്നും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവു നൽകുവാൻ ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ